ഉത്തരം

കൊരട്ടി ഗവൺമെന്റ് ത്വക്ക് രോഗാശുപത്രിക്ക് 172/97 നമ്പർ എ.പി.എൽ. പെർമിറ്റാണ് അനുവദിച്ചിട്ടുള്ളത്. 3-5-2014-ലെ 3132/ഡി1/14/ഭ.പൊ.വി.വ. നമ്പർ കത്ത് പ്രകാരം പ്രസ്തുത ആശുപത്രിയിലെ ഓരോ അന്തേവാസിക്കും പ്രതിദിനം 280 ഗ്രാം അരി, 50 ഗ്രാം ഗോതമ്പ് എന്നിവ എ.പി.എൽ. നിരക്കിൽ വിതരണം ചെയ്യുവാൻ ഉത്തരവായിട്ടുണ്ട്. എ.പി.എൽ. പെർമിറ്റുകാർക്ക് പഞ്ചസാര അനുവദിക്കുന്നില്ല. ഓർഫനേജ് കൺട്രോൾ ബോർഡിന്റെയോ സാമൂഹ്യക്ഷേമ വകുപ്പിന്റെയോ അംഗീകാരമുള്ള സ്ഥാപനങ്ങൾക്കാണ് ബി.പി.എൽ. പെർമിറ്റും അതിനനുസരിച്ചുള്ള പഞ്ചസാരയും നൽകുന്നത്. അന്തേവാസികൾക്കായി വാങ്ങുന്ന നിത്യോപയോഗ സാധനങ്ങളുടെ ബില്ല് പ്രകാരമുള്ള തുക സംബന്ധിച്ച വിവരം ശേഖരിച്ചുവരുന്നു.

**സപ്ലൈകോ വിതരണം ചെയ്യുന്ന സബ്സിഡി വസ്തുക്കളുടെ വില**

284 (1341) ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സിവിൽസപ്ലൈസ് കോർപ്പറേഷന്റെ പൊതുവിതരണ ശൃംഖല വഴി വിതരണം ചെയ്യുന്ന ഭക്ഷ്യ വസ്തുക്കളുടെ വില എത്ര തവണ വർദ്ധിപ്പിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ; ഓരോ ഇനത്തിനും എന്ത് നിരക്കിലാണ് വില വർദ്ധനയെന്ന് വിശദമാക്കാമോ;

(ബി) സപ്ലൈകോ വഴി വിതരണം ചെയ്യുന്ന സബ്സിഡി വസ്തുക്കളുടെ വില വർദ്ധിപ്പിച്ചിട്ടുണ്ടോ; എത്ര തവണ; എന്ത് നിരക്കിലാണ് വർദ്ധനയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 6-7-2012-ൽ സബ്സിഡി നിരക്കിൽ വിതരണം ചെയ്യുന്ന സാധനങ്ങളുടെ എണ്ണം പുനർ നിർണ്ണയിച്ച് സപ്ലൈകോ വിൽപ്പന ശാലകളിൽ പൊതുവെ വിൽപ്പന കുറവുള്ളതും, ജനങ്ങൾ കൂടുതലായി ആവശ്യപ്പെടാത്തതുമായ ഉഴുന്ന് പരിപ്പ്, കടുക്, ജീരകം, ഉലുവ, പീസ് പരിപ്പ്, ബോധന അരി എന്നീ ഇനങ്ങൾക്ക് സബ്സിഡി നൽകുന്നതിൽ നിന്ന് ഒഴിവാക്കുകയും പകരം കേരളത്തിലെ ജനങ്ങൾ കൂടുതലായി ഉപയോഗിക്കുന്ന ചെറുപയർ, വൻകടല, ജയ അരി, കുറുവ അരി, വെളിച്ചെണ്ണ എന്നിവയെ സബ്സിഡി നൽകുന്ന ഇനങ്ങളിൽ ഉൾപ്പെടുത്തിയിട്ടുമുണ്ട്. വില പുനർ നിർണ്ണയിച്ചതിന്റെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly